**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 12** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>തെരഞ്ഞെടുപ്പ് ചുമതല ഉണ്ടായിരുന്ന ഉദ്യോഗസ്ഥർക്ക് വോട്ടവകാശം നിഷേധിച്ച സംഭവം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എൻ. ബാലഗോപാൽ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുന്ന ഘട്ടത്തിൽ ഇലക്ഷൻ കമ്മീഷൻ രാഷ്ട്രീയ പാർട്ടികൾക്ക് നൽകിയ കത്തിൽ ഒരു രാഷ്ട്രീയ പാർട്ടിയുടെ തെരഞ്ഞെടുപ്പ് ചിഹ്നം ഉൾപ്പെട്ട സീൽ പതിച്ച നൽകിയിരുന്നോ;വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഇലക്ഷൻ കമ്മിഷൻ ഒരു രാഷ്ട്രീയ പാർട്ടിയുടെയും തിരഞ്ഞെടുപ്പ് ചിഹ്നം ഉൾപ്പെട്ട സീൽ പതിച്ച് രാഷ്ട്രീയ പാർട്ടികൾക്ക് കത്ത് നൽകിയിട്ടില്ല. എന്നാൽ, മുഖ്യ തിരഞ്ഞെടുപ്പ് ഓഫിസറുടെ കാര്യാലയത്തിൽ നിന്നും രാഷ്ട്രീയ പാർട്ടികൾക്കു വിതരണം ചെയ്ത കത്തിന്റെ അനുബന്ധത്തിൽ ഒരു രാഷ്ട്രീയ പാർട്ടിയുടെ തിരഞ്ഞെടുപ്പ് ചിഹ്നം ഉൾപ്പെട്ട സീൽ പതിച്ചിരുന്നതായി ശ്രദ്ധയിൽപെട്ടിരുന്നു. ഈ സംഭവത്തെത്തുടർന്ന് ഇലക്ഷൻ വകുപ്പിലെ അസിസ്റ്റന്റായ ശ്രീ. ജെയ്സിൽ പി. അസീസിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിനായി ശ്രീ. പി. ബി. നൂഹ് ഐ. എ. എസ് നെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

**(ബി)** കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ തെരഞ്ഞെടുപ്പ് ചുമതല ഉണ്ടായിരുന്ന ഉദ്യോഗസ്ഥർക്ക് വോട്ടവകാശം നിഷേധിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര ജീവനക്കാർക്ക് വോട്ടവകാശം നിഷേധിച്ചുവെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** തിരഞ്ഞെടുപ്പ് ചുമതല ഉണ്ടായിരുന്ന ഉദ്യോഗസ്ഥർക്ക് വോട്ടവകാശം നിഷേധിച്ച സംഭവങ്ങളൊന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടവരിൽ തപാൽ ബാലറ്റിന് അപേക്ഷിച്ച ചില ഉദ്യോഗസ്ഥർക്ക് തപാൽ ബാലറ്റുകൾ ലഭിക്കുവാൻ വൈകിയെന്നും അവർക്ക് വോട്ടവകാശം വിനിയോഗിക്കുവാൻ സാധിച്ചില്ലെന്നും ആരോപിച്ച ജിവനക്കാരുടെ വിവിധ സംഘടനകളും വ്യക്തികളും ബഹു. ഹൈക്കോടതിയെ സമീപിച്ചിരുന്നു.

**(സി)** ഇതിനെതിരെ ജീവനക്കാർ ബഹു. ഹൈക്കോടതിയെ സമീപിച്ചിരുന്നോ;

**<u>മറുപടി:</u>** തിരഞ്ഞെടുപ്പ് ചുമതല ഉണ്ടായിരുന്ന ഉദ്യോഗസ്ഥർക്ക് വോട്ടവകാശം നിഷേധിച്ച സംഭവങ്ങളൊന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടവരിൽ തപാൽ ബാലറ്റിന് അപേക്ഷിച്ച ചില ഉദ്യോഗസ്ഥർക്ക് തപാൽ ബാലറ്റുകൾ ലഭിക്കുവാൻ വൈകിയെന്നും അവർക്ക് വോട്ടവകാശം വിനിയോഗിക്കുവാൻ സാധിച്ചില്ലെന്നും ആരോപിച്ച ജീവനക്കാരുടെ വിവിധ സംഘടനകളും വ്യക്തികളും ബഹു. ഹൈക്കോടതിയെ സമീപിച്ചിരുന്നു.

**(ഡി)** ഈ ഘട്ടത്തിൽ സംസ്ഥാന മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറായിരുന്ന ഉദ്യോഗസ്ഥനെ മുഖ്യമന്ത്രിയുടെ സെക്രട്ടറിയായി നിയമിച്ചിട്ടുണ്ടോ;എങ്കിൽ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**<u>മറുപടി:</u>** തിരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയായ ശേഷം മുഖ്യ തിരഞ്ഞെടുപ്പ് ഓഫിസറായിരുന്ന ഉദ്യോഗസ്ഥനെ 23.05.2026 ലെ സ. ഉ. (സാധാ.) 2576/2026/പൊ ഭ വ നമ്പർ ഉത്തരവ് പ്രകാരം മുഖ്യമന്ത്രിയുടെ സെക്രട്ടറിയായി നിയമിച്ചിട്ടുണ്ട് (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു).

**സെക്ഷൻ ഓഫീസർ**

ഭരണാനുകൂലം:

# GOVERNMENT OF KERALA

**Abstract**

AIS - TRANSFER AND POSTING OF IAS OFFICER - ORDERS ISSUED.

## GENERAL ADMINISTRATION (AIS A) DEPARTMENT

G.O.(Rt)No.2576/2026/GAD Dated,Thiruvananthapuram, 23-05-2026

**ORDER**

Dr. Rathan U. Kelkar IAS (KL 2003), Chief Electoral Officer, Kerala & Secretary, Election Department is transferred and posted as Secretary to the Chief Minister.

(By order of the Governor)
DR A JAYATHILAK I A S
CHIEF SECRETARY

To

1. Dr. Rathan U Kelkar IAS, Chief Electoral Officer, Kerala & Secretary, Election Department.
2. The Secretary, Ministry of Personnel, Public Grievances & Pensions, Department of Personnel & Training, Government of India, New Delhi.
3. The Secretary, Election Commission of India, Nirvachan Sadan, New Delhi.
4. The Election Department.
5. The General Administration (SC) Department.
6. The General Administration (Co-ordination/Accounts-J/e-Administration/House Keeping/Budget Wing/PABX/Attendance Monitoring Cell/Services-E/Services-C) Department.
7. Stock file/Office copy (AIS-A1/98/2026-GAD).

Forwarded /By order

Signed by
Suryasree. S
Date: 23-05-2026 16:29:31
Section Officer

Copy to:

1. The Private Secretary to the Chief Minister.
2. The Officer on Special Duty, Office of the Chief Secretary.
3. The PA to the Deputy Secretary & Officer on Special Duty, General Administration (AIS) Department.
4. The CA to the Additional Secretary, General Administration (AIS) Department.